# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.797        12.12.2012-ൽ മറുപടിയ്ക്ക്

### തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്കാവശ്യമായ മരുന്നുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ, ആവശ്യമായ മരുന്നുകൾ മെഡിക്കൽ കോർപ്പറേഷനിൽ നിന്നുമെടുത്ത് രോഗികൾക്ക് നൽകാതെ, പുറത്ത് നിന്നും വാങ്ങുവാൻ കുറിപ്പ് എഴുതി കൊടുക്കുന്നതായി എം.എൽ.എ.മാരിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ടോ;<br><br>(ബി) പ്രസ്തുത പരാതിയിന്മേൽ അന്വേഷണം അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിന്റെ വിശദാംശവും സ്വീകരിച്ച നടപടിയും എന്താണെന്ന് വ്യക്തമാക്കുമോ ? | (എ) & (ബി)<br>തൃശ്ശൂർ മെഡിക്കൽ കോളേജിൽ, ആവശ്യമായ മരുന്നുകൾ മെഡിക്കൽ കോർപ്പറേഷനിൽ നിന്നുമെടുത്ത് രോഗികൾക്ക് നൽകാതെ, പുറത്ത് നിന്നും വാങ്ങുവാൻ കുറിപ്പ് എഴുതി കൊടുക്കുന്നതായി എം.എൽ.എ.മാരിൽ നിന്നും പരാതി ലഭിച്ചിട്ടില്ല.<br>കേരള നിയമസഭയുടെ ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ തെളിവെടുപ്പുയോഗത്തിൽ ഇക്കാര്യം സമിതിയുടെ പരിഗണനയ്ക്ക് വരികയും അത് അന്വേഷിച്ച് പരിഹാരം കണ്ടെത്താൻ ഡി. എം. ഇ. യ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഡയറക്ടറേറ്റിലെ അക്കൗണ്ട്സ് ഓഫീസറുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടത്തിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.<br>2011 - 12, 2012 - 13 എന്നീ വർഷങ്ങളിലെ വാർഷിക ഇൻഡെന്റുകൾ യാഥാർത്ഥ്യ ബോധമില്ലാത്തതും ആശുപത്രിയുടെ ആവശ്യങ്ങൾക്ക് പര്യാപ്തമല്ലാത്തതുമാണെന്ന് കമ്മിറ്റി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വെയർഹൗസിൽ നിന്നും ലഭിച്ച 2012-13 വർഷത്തെ സപ്ലൈ വിവരങ്ങളിൽ നിന്നും സർജിക്കൽ സ്യൂച്ചറുകൾ കുറഞ്ഞ അളവുകളിൽ ഇൻഡെന്റ് ചെയ്തതായും കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ